(സി) മുമ്പ് നിലനിന്നിരുന്നതുപോലെ കടിൽജ്യോതിപോലുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ സൗജന്യ വൈദ്യുതിയ്ക്ക് അർഹതയുള്ള എത്രയാളുകൾ കേരളത്തിലുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൂന്ന് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

(ബി) ഉണ്ട്. 1-7-2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും, വർദ്ധിപ്പിച്ച കറന്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിരുന്നു. കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജ് ഒടുക്കുന്നതിൽനിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം തുടർന്നും നൽകി വരുന്നുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ താഴ്ന്ന വരുമാനക്കാരെയും ഇടത്തരം വരുമാനക്കാരുടെയും, വൈദ്യുതി ചാർജ്ജിൽ കാര്യമായ വർദ്ധനവില്ലാതെ ജീവിത ചെലവുകൾ പിടിച്ചുനിർത്തുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകിവരുന്നത്.

അടിസ്ഥാന മേഖലയായ കാർഷിക ഉൽപ്പാദനത്തിന് സഹായകരമെന്ന നിലയിലാണ്, ഈ മേഖലയിൽ വൈദ്യുതി ചാർജ്ജിൻമേൽ സബ്സിഡി നൽകി വരുന്നത്.

(സി) കടിൽജ്യോതി വൈദ്യുതി കണക്ഷൻ നിലവിൽ നൽകി വരുന്നില്ല.

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

74 (441) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഓരോ വിഭാഗത്തിലേയും ഉപഭോക്താക്കൾക്ക് എത്ര രൂപ വീതം വർദ്ധനവ് വരുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ, 1-7-2012 മുതലും, 2013-14 സാമ്പത്തിക വർഷത്തിൽ, 1-5-2013 മുതലും, 2014-15 സാമ്പത്തിക വർഷത്തിൽ 16-8-2014 മുതലുമാണ് വർദ്ധനവുകൾ നടപ്പിലാക്കിയത്.

(ബി) യൂണിറ്റൊന്നിന് ഉണ്ടായിട്ടുള്ള വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വൈദ്യുതി ഉല്പാദനവും നിരക്കും

75 (442) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ആകെ വൈദ്യുതി ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിലേക്ക് വൈദ്യുതി നൽകുന്നുണ്ടോ ; എങ്കിൽ നിരക്ക് എത്രയാണ് ;

(സി) വിവിധ ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിക്ക് ഈടാക്കുന്ന നിരക്ക് എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) വില നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുത ഉത്പാദനം, ജലസംഭരണികളിലെ വെള്ളത്തിന്റെ അളവ് കുറവായതിനാൽ നവംബർ മാസത്തിൽ പ്രതിദിനം 13.5 മുതൽ 19.5 ദശലക്ഷം യൂണിറ്റായി നിജപ്പെടുത്തിയിരിക്കുന്നു.

(ബി) സംസ്ഥാനത്തിന് പുറത്തേക്ക് ബൾക്ക് സപ്ലൈ താരിഫ് (BST) പ്രകാരം താഴെ പറയുന്നവർക്ക് വൈദ്യുതി നൽകിവരുന്നു:

| സംസ്ഥാനം/കേന്ദ്ര ഭരണ പ്രദേശം | ലൈസൻസികളുടെ പേര് | നിരക്ക് |
|---|---|---|
| കർണ്ണാടകം | 1. കർണ്ണാടക ഇലക്ട്രിസിറ്റി ബോർഡ്, മടിക്കേരി. | ഡിമാന്റ് ചാർജ്ജ് Rs. 350/KVA |
| | 2. കർണ്ണാടക പവർ ട്രാൻസ്മിഷൻ കോർപ്പറേഷൻ ലിമിറ്റഡ് | |
| പുതുശ്ശേരി | പുതുശ്ശേരി ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് | എനർജി ചാർജ്ജ് Rs. 5.10/Unit |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly